**THS Kulathoor 44501**

# ***Little Kites Preliminary Camp 2025-28 Batch***




**2025-28 batch little kites preliminary camp 25/09/2025 ന് രാവിലെ 9:30 ന് ഈശ്വര പ്രാർത്ഥനയോടുകൂടി ആരംഭിച്ചു. Academic head ആയ കുമാർ സാറിന്റെ അധ്യക്ഷതയിൽ ആരംഭിച്ച ക്യാമ്പിൽ സൂപ്രണ്ട് ഉദ്ഘാടനം നിർവഹിക്കുകയും സതീഷ് സാർ ആശംസ അർപ്പിക്കുകയും ചെയ്തു. Parassala MT Mohan Kumar sir ക്യാമ്പ് നയിച്ചു.**







Face detection app ഉപയോഗിച്ച് കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ചു. ലിറ്റിൽ കൈറ്റ്സിന്റെ പ്രാധാന്യത്തെക്കുറിച്ച് വീഡിയോയിലൂടെ കുട്ടികളെ പരിചയപ്പെടുത്തി. തുടർന്ന് പ്രദർശിപ്പിച്ച ആനിമേഷൻ വീഡിയോയിൽ ഉപയോഗിച്ചിരിക്കുന്ന ടെക്നോളജി ഗ്രൂപ്പിൽ ചർച്ച ചെയ്തു. ഓരോ ഗ്രൂപ്പിനും സ്കോർ രേഖപ്പെടുത്തി. തുടർന്ന് open tunz സോഫ്റ്റ്‌വെയറിൽ അനിമേഷൻ ചെയ്യാൻ കുട്ടികൾക്ക് അവസരം നൽകി.

ഇടവേളക്ക് ശേഷം ലഹരി വിരുദ്ധ പ്രമേയം ഉൾപ്പെടുത്തി ഒരു സ്ക്രാച്ച് ഗെയിം അവതരിപ്പിച്ചു. ഓരോ ഗ്രൂപ്പിലെയും കുട്ടികൾക്ക് ഗെയിമിന് അവസരം നൽകി. തുടർന്ന് scratch 3 സോഫ്റ്റ്‌വെയറിൽ ഗെയിമിന്റെ കോഡ് നൽകാൻ കുട്ടികളെ പ്രാപ്തരാക്കി.





ഉച്ചഭക്ഷണത്തിന് ശേഷം അർഡിനോ കിറ്റ് ഉപയോഗിച്ച് കോഴി തീറ്റ കഴിക്കുന്ന പ്രോഗ്രാം ചെയ്തു. മൂന്നുമണിക്ക് രക്ഷകർത്താക്കളുടെ മീറ്റിംഗ് നടത്തി. ലിറ്റിൽ കൈറ്റ്സ് മെന്റർ ആയ പ്രഭജ ടീച്ചർ ക്യാമ്പ് നയിച്ച മോഹൻ കുമാർ സാറിനെ രക്ഷകർത്താക്കൾക്ക് പരിചയപ്പെടുത്തി.മോഹൻ കുമാർ സാർ ലിറ്റിൽ കൈറ്റ്സ് പ്രോഗ്രാമിനെ കുറിച്ച് സ്ലൈഡ് പ്രസന്റേഷനിലൂടെ വിശദീകരിച്ചു. തുടർന്ന് ലിറ്റിൽ കൈറ്റ്സ് മെന്റർ ആയ ഷിജിമോൾ ടീച്ചർ നന്ദി രേഖപ്പെടുത്തി. 4 മണിക്ക് ക്യാമ്പ് അവസാനിച്ചു.